QP CODE: 22101111

22101111

Reg No : .....

Name : .....

B.A DEGREE (CBCS) REGULAR / REAPPEARANCE EXAMINATIONS, APRIL 2022

Sixth Semester

CORE - ML6CRT09 - KERALEEYA DRUSYAKALA

Common for B.A Malayalam Language and Literature Model I, B.A Malayalam Language and Literature Model II Copy Editing & B.A Malayalam Language and Literature Model II Copy Writing

2017 Admission Onwards

49CE2019

Time: 3 Hours Max. Marks : 80

Instructions to Private candidates only**: This question paper contains **two sections**. Answer **SECTION I** questions in the answer-book provided. **SECTION II,** Internal examination questions must be answered in the question paper itself. Follow the detailed instructions given under **SECTION II

SECTION I

പാർട്ട് എ

*അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.*

1. വിനോദപരമായ നാടൻ കലകൾ ഏതൊക്കെ ?
2. ദേവതകളുടെ രൂപവർണ്ണന കളമ്പാട്ടിൽ എപ്രകാരമാണ് സന്നിവേശിപ്പിച്ചിരിക്കുന്നത് ?
3. തിരുവാതിരകളി - കുറിപ്പെഴുതുക.
4. കേരളത്തിലെ തനതു കലകളെ പരിചയപ്പെടുത്തുക.
5. കഥകളി അരങ്ങ് - കുറിപ്പെഴുതുക.
6. കൂടിയാട്ടത്തിൽ ഉപയോഗിക്കുന്ന വാദ്യവിശേഷങ്ങൾ ഏവ.?
7. അനുഷ്ഠാനപ്രക്രിയ എന്നാൽ എന്ത്.?
8. തെയ്യം, തിറ ഇവ തമ്മിലുള്ള വ്യത്യാസമെന്ത് ?
9. പടയണിയിലെ ഹാസ്യകഥാപാത്രങ്ങളെ പരിചയപ്പെടുത്തുക.
10. പാളക്കോലങ്ങളുടെ പ്രത്യേകതയെന്ത് ?
11. കാക്കാരിശി നാടകത്തിൽ ഉപയോഗിക്കുന്ന വാദ്യങ്ങൾ ഏവ ?
12. നാടൻ നാടോടികലകൾ ഏതൊക്കെയാണ് ?

(10×2=20)

പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ ***ആറ്*** *ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*
ഓരോ ചോദ്യത്തിനും ***5*** *മാർക്ക് വീതം.*

13. വസ്ത്രാപഹരണം എന്ന പാഠഭാഗത്തിന്റെ ഭാഷാപരമായ പ്രത്യേകതകൾ എന്തെല്ലാം ?

14. ദൃശ്യകലകൾ അധികവും രൂപപ്പെട്ടിരിക്കുന്നത് നൃത്തനാട്യങ്ങളുടെയും നിറപ്പകിട്ടിന്റെയും സംയോജനത്തിലൂടെയാണ്. വ്യക്തമാക്കുക.?

15. മാർഗ്ഗംകളി , ഒപ്പന എന്നിവയുടെ സാജാത്യവൈജാത്യങ്ങൾ എന്തൊക്കെയാണ്.?

16. "സുലളിതപദവിന്യാസാ
രുചിരാലങ്കാര ശാലിനീമധുരാ
മൃദുലാപി ഗഹനഭാവാ
സൂക്തിരിവാവാപ സോർവ്വശീവിജയം"- സ്വാരസ്യം വിശദമാക്കുക.

17. നളചരിതം ഓട്ടൻതുള്ളലിലെ ഹാസ്യാത്മകത വിശദമാക്കുക.

18. അമ്മ ദേവതാരാധനയിൽ മുടിയേറ്റിനുള്ള പ്രാധാന്യമെന്ത് ?

19. പടയണി പാട്ടിന്റെ പ്രത്യേകതകൾ എന്തൊക്കെ ?

20. ക്രൈസ്തവ കല എന്ന നിലയ്ക്ക് ചവിട്ടുനാടകത്തിന്റെ വ്യത്യസ്തകൾ എന്തൊക്കെയാണ്.?

21. പ്രൊഫ. കടമ്മനിട്ട വാസുദേവൻപിള്ള പടയണിക്ക് നല്കിയ സംഭാവനകൾ എന്തൊക്കെയാണ് ?

(6×5=30)

പാർട്ട് സി

നാലു പുറത്തിൽ കവിയാതെ ***രണ്ട്*** *ചോദ്യത്തിന് ഉത്തരമെഴുതുക.*
ഓരോ ചോദ്യത്തിനും ***15*** *മാർക്ക് വീതം.*

22. ക്നാനായ സമുദായത്തിന്റെ തനതായ നാടോടികലാരൂപമാണ് മാർഗ്ഗം കളി- സമർത്ഥിക്കുക.

23. മംഗളഭൈരവിയിലെ മാതൃദേവതാസങ്കല്പം വിശദമാക്കുക.

24. വാൻജെനെപ്പ് പറയുന്ന അനുഷ്ഠാനപ്രക്രിയ വിശദീകരിക്കുക.

25. അനുഷ്ഠാനപരതയും വരകൾക്കും വർണ്ണങ്ങൾക്കുമുള്ള സ്ഥാനം വിവരിക്കുക..

(2×15=30)